DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

20.05.2019

# കാർഷികമേഖലാവാർത്തകൾ

## തൈകളും വിത്തുകളും വിൽപനയ്ക്ക്

കേരള കാർഷിക സർവകലാശാലയുടെ കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ നെടുനേന്ത്രൻ, ഗ്രാന്റ് നെയിൻ എന്നീ ടിഷ്യൂകൾച്ചർ വാഴതൈകളും ജ്യോതിക ഇനം പയർവിത്തും വിൽപനയ്ക്കുണ്ട്. ആവശ്യമുള്ളവർ 0487 – 2699087, 9495419699 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

തിരുവനന്തപുരം ജില്ലയിലെ അഴൂർ പഞ്ചായത്തിൽ അഴൂർ മൃഗാശുപത്രിയ്ക്കു സമീപം പ്രവർത്തിക്കുന്ന സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറിയിൽ 65 ദിവസത്തിനുമേൽ പ്രായമുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ 100 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ. 9745490541.

## അറിയിപ്പ്

കുരിയോട്ടുമല ഗവ. ഹൈടെക് ഡയറി ഫാമിലെ ഉത്പാദനക്ഷമത കുറഞ്ഞതും ആദായകരമല്ലാത്തതുമായ 42 ആടുകളെ നാളെ പകൽ 11 മണിയ്ക്ക് ഫാം പരിസരത്തുവെച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2500/- രൂപ നിരതദ്രവ്യം കെട്ടി വെയ്ക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളിന്റെ പേർക്ക് ലേലം അപ്പോൾത്തന്നെ ഉറപ്പിക്കുന്നതും ലേലം സ്ഥിരപ്പെടുത്തി ലഭിച്ച ആൾ ലേലത്തുക അപ്പോൾത്തന്നെ കെട്ടി വച്ച് രസീത് വാങ്ങേണ്ടതും ആടിനെ ഫാമിൽ നിന്ന് കൊണ്ടുപേകേണ്ടതുമാണ്. അതിനു വീഴ്ച വരുത്തിയാൽ അപ്പോൾതന്നെ പുനർലേലം നടത്തുന്നതും ടിയാന്റെ നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതും ആയിരിക്കും. ലേലം സ്ഥിരപ്പെടുത്തുവാനും നിരസിക്കുവാനും ഉള്ള അധികാരം ഫാം സൂപ്രണ്ടിൽ നിക്ഷിപത്മായിരിക്കും. സർക്കാർ ലേല സംബന്ധമായ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണെന്ന് കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിലെ സൂപ്രണ്ട് അറിയിക്കുന്നു.

## അറിയിപ്പ്

കേരള കാർഷിക സർവ്വകാലാശാലയുടെ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ സസ്യരോഗ വിഭാഗത്തിൽ ചിപ്പിക്കൂൺ, പാൽക്കൂൺ എന്നിവയുടെ മദർസ്പോൺ, ബെഡ്സ്പോൺ എന്നിവ വിൽപനയ്ക്കുണ്ട്. ജൈവനിയന്ത്രണോപാധികളായ ട്രൈക്കോഡർമ,

സ്യൂഡോമോണസ് എന്നിവയും ലഭ്യമാണ്. അധിക വിവരങ്ങൾക്ക് **0487 – 2438354**

## റബ്ബറിന്റെ രോഗങ്ങൾക്കെതിരെ മരുന്നു തളിക്കുന്നതിൽ പരിശീലനം

റബ്ബറിനെ ബാധിക്കുന്ന രോങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും റബ്ബർ ബോർഡ് പരിശീലനം നൽകുന്നു. ഈ മാസം 21 ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ് പരിശീലനം. ഫീസ് 500 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കും. കൂടാതെ, റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവും ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. പരിശീലനഫീസ് ഡയറക്ടർ – ട്രെയിനിങ്, റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം – 686 009 എന്ന പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിലേക്ക് അടയ്ക്കാം. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺ നമ്പരും ഇമെയിലായി training@rubberboard.org.in-ലേക്ക് അയയ്ക്കേണ്ടതാണ്. അധിക വിവരങ്ങൾക്ക് ഫോൺ : 0481 2353127, 2351313.

## വിളപരിപാലന നിർദ്ദേശം

കർഷകർക്കുള്ള വിള പരിപാലന നിർദ്ദേശം ഇനി പറയുന്നു. അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ വെള്ളീച്ച, മീലിമുട്ട, പച്ചത്തുള്ളൻ മുതലായ പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക.